150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 8217/ADB1 SO/2021/എ ഡി ബി 1 തീയതി: 14.02.2022

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- ഗ്രീൻ പ്രോട്ടോകോൾ-സ്റ്റീൽ ടിഫിൻ ബോക്സുകൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്.

സൂചന :- U.O നം .5445 /A d B .1 / 2021 -MGU -13 .10 .2021

സർവകലാശാല ക്യാമ്പസിൽ ഗ്രീൻ പ്രോട്ടോകോൾ പൂർണതോതിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുരോഗമിച്ചുവരുന്ന നിർമ്മലം-MGU എന്ന പദ്ധതി കാമ്പസിലെ കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ് .പ്ലാസ്റ്റിക്കിന്റെ ഉപയോഗം കഴിയുന്നത്ര ഒഴിവാക്കുക ,കടലാസിന്റെ ഉപയോഗം പരിമിതപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങളോട് തികച്ചും ക്രിയാത്മക പ്രതികരണമാണ് എല്ലാഭാഗത്തുനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.കൂടുതൽ പേർ സ്റ്റീൽ ടിഫിൻ ബോക്സുകൾ ഉപയോഗിച്ചുതുടങ്ങിയത് കമ്പോസ്റ്റിംഗ് പ്രക്രിയ സുഗമമാക്കിയിട്ടുണ്ട്.ഭക്ഷണം പൊതിഞ്ഞുകൊണ്ടുവരുന്ന ഇലകൾ ദ്രവിച്ചുചേരുന്നതിന് താമസം വരുന്നതായും ഇത് കമ്പോസ്റ്റിംഗ് പ്രക്രിയയെ തടസ്സപ്പെടുത്തുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇപ്പോഴും ഇലപ്പൊതികൾ കൊണ്ടുവരുന്നവർ കൂടി സ്റ്റീൽ ടിഫിൻ ബോക്സുകൾ ഉപയോഗിച്ചുതുടങ്ങണമെന്നും ഭക്ഷണാവശിഷ്ടങ്ങൾ ശേഖരിക്കുന്ന ബിന്നുകളിൽ മറ്റൊന്നും നിക്ഷേപിക്കപ്പെടാതിരിക്കാൻ വഴിയൊരുക്കണമെന്നും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #16 of File 8217/ADB1 SO/2021/AD B 1 Approved by Registrar on 14-Feb-2022 08:36 PM - Page 1

Draft #16 of File 8217/ADB1 SO/2021/AD B 1 Approved by Registrar on 14-Feb-2022 08:36 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം